പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1709 22.03.2012 - ലെ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ തീർപ്പാക്കിയ അപേക്ഷകളിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളുണ്ടായിരുന്നു എന്നും എത്ര രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചു എന്നും അറിയിക്കുമോ ; | (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ 35161 അപേക്ഷകളിൽ തീർപ്പ്കൽപ്പിച്ചു. ഇതിൽ 5497 എണ്ണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനുള്ളവയായിരുന്നു. 5497 പേർക്ക് 28117500/-രൂപയുടെ സഹായം അനുവദിച്ചിരുന്നു. |
| (ബി) ദീർഘകാലമായി ഓഫീസുകളിൽ പെൻഡിംഗ് ആയി കിടന്നിരുന്ന റീസർവ്വേ, മറ്റ് അളവുകളും തർക്കങ്ങളും, പോക്കുവരവ് സംബന്ധിച്ച കേസുകൾ എന്നിവ എത്ര എണ്ണം വീതം ആലപ്പുഴ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ തീർപ്പായി എന്നു പറയാമോ; ഇവ തീർപ്പായെങ്കിൽ എന്തുകാരണത്താലാണ് ഇക്കാലമത്രയും ഇവ തീർപ്പാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി 26 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ ഫയൽ തീർപ്പാക്കുന്നതു സംബന്ധിച്ച നടപടി മൂലം താഴെത്തട്ടിലുണ്ടായ ഉണർവ്വ് ഫയൽ തീർപ്പാക്കലിന് സഹായകരമായിട്ടുണ്ട്. ആവശ്യമായ ഡോക്യുമെന്റുകളുടെ സമർപ്പണം, നിയമപരമായ നോട്ടീ |

(തുടർച്ച.....2)

സുകൾ നൽകൽ, സ്ഥല പരിശോധന, തുടങ്ങിയവ സർവ്വേ-പോക്കുവരവ് കേസുകളിൽ ഉൾപ്പെട്ടുവരുന്നതിനാലും, സർവ്വേ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവും റീ-സർവ്വെ-പോക്കുവരവ് സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് തടസ്സമായിട്ടുണ്ടായിരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ ജനസമ്പർക്ക പരിപാടി നടത്തിയതിന് ക്രമീകരണങ്ങൾ, പന്തൽ, ആഡിറ്റോറിയം, പ്രചാരണം, വിവിധ വകുപ്പുകളിൽ ഇതിനുവേണ്ടി അധികമായി ഉണ്ടായ മറ്റ് ചെലവുകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ?

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് പരസ്യത്തിനായി സർക്കാർ ഫണ്ട് ഉപയോഗിച്ചിട്ടില്ല . ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് പൊതുമരാമത്ത് (കെട്ടിട വിഭാഗം), ആലപ്പുഴ ആഫീസ് മുഖാന്തിരം പന്തൽ, സ്റ്റേജ് തുടങ്ങിയവയ്ക്ക് 3883474/- രൂപയും വൈദ്യുതി ജോലികൾക്ക് 523585/- രൂപയും ഇലക്ട്രോണിക് ജോലികൾക്ക് 214613/-രൂപയും റവന്യൂ വകുപ്പ് മുഖേന പ്രിന്റിംഗ്, ഭക്ഷണം തുടങ്ങിയവയ്ക്ക് 740000/-രൂപയും ചേർത്ത് ആകെ 5361672/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ